# SANTHOM VOICE

## RAMANATHAPURAM DIOCESAN BULLETIN



Volume 6

2015 - May

No. 5










**SANTHOM VOICE**
Ramanathapuram Diocesan Bulletin

Volume - 6
2015 May
No. 5




Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Editor
**Fr Thomas Kavunkal**
Mob: 0 94439 37675

Associate Editor
**Fr Alexander Chundattu O.Carm.**
Mob: 0 89033 10281

Published by
**Fr Jose Kannumkuzhy**
Bishop's House, Ramanathapuram
Ph: 0422-4221795

Website :
**www.ramanathapuramdiocese.org**
**www.ramanathapuramdiocese.com**

Conceptualisation & Print
**MARIA PRINTLINKS**
Ramanathapuram. Mob: 9042013148

Annual Subscription : **Rs 250/-**

Single Copy : **Rs 30/-**

# INDEX

| | |
|---|---|
| Intentions of the Holy Father | 02 |
| Pope Francis Tweets | 02 |
| Festal Greetings | 02 |
| ഇടയലേഖനം | 03 |
| Pastoral Letter | 08 |
| രൂപതാകാര്യാലയം | 12 |
| Finance Office | 15 |
| Bishop's Engagements | 20 |
| Bishop's Diary | 20 |
| കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം: | 22 |
| Family Apostolate | 24 |
| Santhom Social Service Society | 24 |
| Mother Theresa Peace Home | 25 |
| Seminary News | 27 |
| Vocation Camp | 28 |
| Pithruvedi | 28 |
| Syro-Malabar Mathruvedi | 29 |
| Catechetical News | 30 |
| St. Joseph School | 31 |
| CYM News | 31 |
| CML News | 32 |
| Altar Boys Association | 33 |
| Charismatic News | 33 |
| SMRC | 34 |
| Snippets | 35 |



# POPE FRANCIS TWEETS

- The Cross of Christ is not a defeat: the Cross is love and mercy.
- Christ is risen! Christ is alive and journeys with us!
- Lord, give us the gift of tears, the ability to cry for our sins and so receive your forgiveness.
- We can bring the Gospel to others only if it has made a deep impact in our lives.

## THE PRAYER INTENTIONS OF THE HOLY FATHER


**MAY: Universal:** That, rejecting the culture of indifference, we may care for our neighbours who suffer, especially the sick and the poor.

**Evangelization:** That Mary's intercession may help Christians in secularized cultures be ready to proclaim Jesus.

**Congratulations**
Bro.Jerin Elankunnapuzha (Karoya) &
Bro. Martin Pattarumadathil (Vestition)



Prayerful wishes to
Major Archbishop of
the Syro Malabar Church
**Mar George**
**Cardinal Alancherry**
on his 70th Birthday
(April 19)



Festal Greetings to
Fr. Jose Kannumkuzhy
1st May



# ഇടയലേഖനം

No.56/2015,PL-2
09.04.2015

പോൾ ആലപ്പാട്ട്

**വിശ്വാസപരിശീലനം (2015–16)**

ദൈവകൃപയാലും തിരുസ്സഭാനേതൃത്വത്തിന്റെ അനുഗ്രഹത്താലും
രാമനാഥപുരം രൂപതയുടെ മെത്രാൻ

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

07.06.2015 ഞായറാഴ്ച നാം വീണ്ടും പുതിയ വിശ്വാസ പരിശീലനവത്സര (മതബോധനവർഷം) ത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. മാമ്മോദീസയിലൂടെ ഓരോ ക്രിസ്ത്യാനിയും ഏറ്റെടുത്ത സുവിശേഷവല്ക്കരണ ദൗത്യത്തിന് ഒരുവനെ/ഒരുവളെ ഫലപ്രദമായി ഒരുക്കുന്നതിനുള്ള സഭയുടെ മർമ്മപ്രദാനമായ ദൗത്യമാണ് വിശ്വാസപരിശീലനകളരിയിലൂടെ നിർവ്വഹിക്കപ്പെടുന്നത്.

മാമ്മോദീസയിലൂടെ ഓരോ ക്രിസ്ത്യാനിയും സ്വീകരിച്ച വിശ്വാസത്തിന്റെയും ഈശോയിൽ പൂർണ്ണമാക്കപ്പെട്ട വെളിപാടിന്റെയും അർത്ഥതലങ്ങളും യുക്തിയും കണ്ടെത്തുന്ന പവിത്രമായ വേദിയാണ് വിശ്വാസപരിശീലനവേദി. ഒരുവൻ എന്തിന് ക്രിസ്ത്യാനിയായി? എന്തിന് ഒരു കത്തോലിക്കനായി? ഒരു ക്രൈസ്തവനും, ഒരു കത്തോലിക്കനും ഈശോയുമായുള്ള ബന്ധം എങ്ങനെയാണ്, എങ്ങനെയായിരിക്കണം? ആ ബന്ധം ദൃഢതരവും ഊഷ്മളവുമാക്കാൻ അവൻ/അവൾ എന്തുചെയ്യണം? സഭാ കൂട്ടായ്മയിലെ ഒരു കണ്ണിയെന്ന നിലയിൽ ഒരു ക്രിസ്ത്യാനിക്ക്, ഒരു കുടുംബത്തിന് എന്ത് ദൗത്യമാണുള്ളത്? എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം അടിസ്ഥാനപരമായി ഒരാൾക്ക് ലഭിക്കുന്നത് വിശ്വാസപരിശീലനക്ലാസ്സുകളിലൂടെയാണ്. സഭയുടെ ഈ സുപ്രധാനദൗത്യത്തിലേയ്ക്ക് വെളിച്ചം വീശുന്നതാണ് സഭയുടെ തന്നെ പ്രബോധനം:“.. .. മതബോധനത്തിന്റെ ലക്ഷ്യം, മനുഷ്യരിൽ വിശ്വാസം സജീവവും പ്രകടവും പ്രവർത്തനനിരതവുമാക്കുക എന്നതാണ്. തന്മൂലം ബാലികാബാലന്മാർക്കും

വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കുപോലും മത ബോധനം നല്കാൻ മെത്രാൻ അത്യന്തം ശ്രദ്ധാലുവായിരിക്കണം... സർവ്വോപരി വി. ഗ്രന്ഥം, പാരമ്പര്യം, ആരാധനാക്രമം, തിരുസ്സഭയുടെ പ്രബോധനാധികാരം, സഭാ ജീവിതം എന്നിവയിൽ മതബോധനം അധിഷ്ഠിതമായിരിക്കാൻ മെത്രാന്മാർ ജാഗരൂകരായിരിക്കണം" (രണ്ടാം വത്തിക്കാൻ കൗൺസിൽ, "മെത്രാന്മാർ", നമ്പർ 14).

വളരെ കാര്യക്ഷമമായ വിശ്വാസപരിശീലനം അഥവാ മതബോധനം മാതാപിതാക്കളുടെയും മെത്രാന്റെ/വികാരിയച്ചന്റെ നേതൃത്വത്തിലുള്ള മതദ്ധ്യാപകരുടെയും കുട്ടികളുടെയും ഏകമനസ്സോടെയുള്ള കൂട്ടായ കഠിനദ്ധ്വാനത്തിന്റെ ഫലമാണ്. കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ ഏറ്റവും അധികം ശ്രദ്ധ പതിക്കേണ്ടത് മാതാപിതാക്കന്മാരാണ്. ദൈവം അവർക്ക് കാരുണ്യപൂർവ്വം നല്കുന്ന മക്കളെ ദൈവത്തിന് ഇഷ്ടമുള്ള രീതിയിൽ മാതൃക നല്കി വളർത്താനുള്ള ഗൗരവമായ ചുമതല അവർക്കുണ്ട്. തിരിച്ചറിവ് വരുന്നതിനു മുമ്പ് തന്നെ അവരുടെ മാതൃകയാണ് കുട്ടികൾ ജീവിതത്തിലേയ്ക്ക് പകർത്തുക. അതുകൊണ്ടാണ് വിശ്വാസവും സന്മാർഗ്ഗജീവിതവുമുള്ള കുടുംബങ്ങളിലെ കുട്ടികൾ വളരെ എളുപ്പത്തിൽ നല്ല കുട്ടികളായി രൂപാന്തരപ്പെടുന്നത്. തിരിച്ചറിവ് വന്നതിനുശേഷവും കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾ അതീവ ശ്രദ്ധ പതിപ്പിക്കണം. അവർ ക്ലാസ്സുകളിൽ ഹാജരാകുന്നതിനും അവർക്ക് ആവശ്യമുള്ള പാഠപുസ്തകങ്ങൾ വാങ്ങികൊടുക്കുന്നതിനും മാതാപിതാക്കൾ ശ്രദ്ധിക്കണം. ലൗകിക പഠനത്തിനും മറ്റു ചിലവുകൾക്കും പണം മുടക്കാൻ മടികാണിക്കാത്ത മാതാപിതാക്കൾക്ക് വിശ്വാസപരിശീലനചിലവ് ഒരിക്കലും നഷ്ടമാകുകയില്ല എന്ന ബോദ്ധ്യവും കൂടിയുണ്ടാകണം. ദൈവഭയവും സഭാസ്നേഹവുമുള്ള മക്കൾ ഉണ്ടാകുന്നതിന്റെ നന്മയും അനുഗ്രഹവും ആദ്യം ലഭിക്കുന്നത് കുടുംബത്തിന് തന്നെയായിരിക്കും എന്ന ദൈവിക ചിന്ത നമ്മുടെ മാതാപിതാക്കൾക്കുണ്ടാകട്ടെ!

ഈശോയിൽ ആഴമായി വിശ്വസിക്കുവാനും വിശ്വാസത്തിന്റെ ഉള്ളടക്കം അർത്ഥപൂർണ്ണമായി മനസ്സിലാക്കാനും ഒരു വ്യക്തിയെ പാകപ്പെടുത്താനുള്ള വിശ്വാസ പരിശീലനദൗത്യം സഭയിലെ ഒരു

പ്രത്യേക ഗണത്തിന്റെ മാത്രം ഉത്തരവാദിത്തമല്ല, മാർപ്പാപ്പയുടെയും മെത്രാന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും അല്മായ സമൂഹത്തിന്റെയും സംഘാതാത്മകമായ ഉത്തരവാദിത്വമാണ്. സഭയുടെ നേതൃനിരയിലുള്ളവരുടെയും മതാദ്ധ്യാപകരുടെയും വലിയ ദൗത്യമാണ് കുട്ടികൾക്ക് സ്വന്തം കുടുംബങ്ങളിൽ നിന്ന് ലഭിച്ച വിശ്വാസത്തെ ഉദ്ദീപിപ്പിക്കുകയും ആഴപ്പെടുത്തുകയും ചെയ്യുകയെന്നത്. മേല്പറഞ്ഞവയുടെ വെളിച്ചത്തിൽ നമ്മുടെ രൂപതയിലെ വിശ്വാസ പരിശീലനം കൂടുതൽ കാര്യക്ഷമവും ശക്തവുമാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഞാൻ നല്കുന്നു. ബന്ധപ്പെട്ടവർ രൂപതയുടെ നന്മയും വളർച്ചയും കണക്കിലെടുത്ത് ഈ നിർദ്ദേശങ്ങൾ കഴിയുന്നതും വേഗത്തിൽ നടപ്പിലാക്കുമല്ലോ:

a) ഇടവകയിലെ/മിഷൻ കേന്ദ്രത്തിലെ വിശ്വാസപരിശീലനം കാര്യക്ഷമവും സുദൃഢവുമാക്കാൻ പരമാവധി ശ്രമിക്കണം, കഴിയുന്നത്ര സാമ്പത്തിക വിഹിതം വാർഷിക ബജറ്റിൽ ഉൾപ്പെടുത്തുകയും വേണം.

b) തന്റെ ഇടവകയിലെ/മിഷൻ കേന്ദ്രത്തിലെ മതാദ്ധ്യാപകർ ആത്മീയതയിലും സഭാപരമായ അറിവിലും അദ്ധ്യയനത്തിലും പരമാവധി മെച്ചപ്പെട്ടവരായിരിക്കണമെന്ന ഉറച്ച തീരുമാനം ബ. വികാരിയച്ചന്റെ ഭാഗത്ത് നിന്നുണ്ടാകണം. അതിനാവശ്യമായ എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കണം.

c) വിശ്വാസപരിശീലനക്ലാസ്സുകളിൽ വരാത്ത കുട്ടികളെ കണ്ടുപിടിച്ച് അതേപ്പറ്റി അവരുടെ മാതാപിതാക്കളെ ധരിപ്പിക്കാൻ ബന്ധപ്പെട്ട മതാദ്ധ്യാപകർ നിതാന്തജാഗ്രത പുലർത്തണം.

d) വിശ്വാസപരിശീലനത്തിന്റെ 10, 12 ക്ലാസ്സുകളിൽ പഠിച്ച് ജയിച്ച് സർട്ടിഫിക്കറ്റ് കൊണ്ടുവരാത്ത കുട്ടികൾക്ക് സെക്കുലർ വിദ്യാഭ്യാസത്തിന് സീറ്റു കൊടുക്കില്ലെന്ന് തീരുമാനമാക്കാൻ ഈ രൂപതാതിർത്തിയിലുള്ള സീറോ മലബാർ കത്തോലിക്കാമാനേജുമെന്റുകളോടു ഞാൻ അഭ്യർത്ഥിക്കുന്നു.

e) വിശ്വാസപരിശീലനത്തിന്റെ കൂടുതൽ കാര്യക്ഷമമായ നട

ത്തിപ്പിനു വേണ്ടി ഓരോ ഫൊറോനാതലത്തിലും ഫൊറോനവികാരിയച്ചന്റെ നേതൃത്വത്തിൽ ലെയസൺ കമ്മിറ്റിയുണ്ടാകണം.

f) വിവിധ ഇടവകകളിലെ വിശ്വാസപരിശീലനയൂണിറ്റുകൾ സന്ദർശിച്ച് വിലയിരുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുന്നതിന് മതബോധനരംഗത്ത് അനുഭവവും പ്രാവീണ്യവുമുള്ളവരുടെ ടീമുകൾ ഉണ്ടാക്കുകയും അപ്രകാരമുള്ള സന്ദർശനങ്ങൾക്കുള്ള ചിലവ് രൂപതാ വിശ്വാസപരിശീലനകേന്ദ്രം വഹിക്കുകയും വേണം.

g) വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കാൻ പറ്റിയ പ്രേഷിത ചൈതന്യമുള്ള രൂപതാ വൈദികരേയും സന്യാസ വൈദികരേയും സന്യാസ സഹോദരരേയും സഹോദരികളേയും പ്രത്യേക പരിശീലനത്തിന് അയയ്ക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കണം.

h) ഇടവകകളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വാർഷികധ്യാനവസരങ്ങളിൽ വിശ്വാസപരിശീലനത്തെപ്പറ്റി ഒരു പ്രഭാഷണമെങ്കിലും ഉണ്ടാകാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

i) വർഷത്തിൽ മുഴുവൻ ദിവസഹാജർ കരസ്ഥമാക്കുന്ന വിദ്യാർത്ഥികളെ അവരുടെ മാതാപിതാക്കളോടൊപ്പം ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ ആദരിക്കുകയും സമ്മാനങ്ങൾ കൊടുക്കുകയും വേണം. സാധിക്കുമെങ്കിൽ അവരെ സൗജന്യമായി തീർത്ഥാടനത്തിന്/വിനോദയാത്രയ്ക്ക് കൊണ്ടുപോകണം.

j) അതുപോലെ, വർഷത്തിൽ മുഴുവൻ ദിവസഹാജരുള്ള അദ്ധ്യാപകരെ അവരുടെ മാതാപിതാക്കളോടൊപ്പം/ജീവിത പങ്കാളികളോടൊപ്പം ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ ആദരിക്കണം. സാധിക്കുമെങ്കിൽ അവരെ സൗജന്യമായി തീർത്ഥാടനത്തിന്/ വിനോദയാത്രയ്ക്ക് കൊണ്ടുപോകണം.

k) തിരുസ്സഭയുടെ വിശ്വാസപരിശീലന(മതബോധന) പ്രേഷിത വേലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഓരോ വർഷവും മതബോധനദിനത്തിന്റെ തലേ ഞായറാഴ്ച "വിശ്വാസപരിശീലന(മതബോധന)

ഞായർ" ആയി പള്ളികളിൽ ആചരിക്കേണ്ടതും അന്നത്തെ സുവിശേഷ പ്രസംഗം വിശ്വാസ പരിശീലനത്തെപ്പറ്റി ആകേണ്ടതുമാണ്.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ ബ. വികാരിയച്ചന്മാരും രൂപതാ മതബോധനകേന്ദ്രവും സ്വീകരിക്കേണ്ടതാണ്. വിശ്വാസപരിശീലനത്തിന്റെ പുതിയ അദ്ധ്യയന വർഷം എല്ലാത്തരത്തിലും പുത്തനുണർവ്വിന്റേയും പുനരർപ്പണത്തിന്റെയും വത്സരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസപരിശീലനരംഗത്ത് അദ്ധ്യാപകർ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളേയും മാതാപിതാക്കളുടെ സഹകരണത്തേയും നന്ദിയോടും ആദരവോടും കൂടി സ്മരിക്കുന്നതോടൊപ്പം ദിവ്യഗുരുവായ ഈശോയുടെ സാന്നിദ്ധ്യവും വിലപ്പെട്ട കൃപകളും നിങ്ങളോടൊപ്പം ഉണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. വിശ്വാസികളുടെ അമ്മയായ പ. കന്യകാമറിയത്തിന്റെയും വിശ്വാസപരിശീലനത്തിന്റെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടേയും സ്വർഗ്ഗീയ മാദ്ധ്യസ്ഥം ഈ സദുദ്യമത്തിൽ നമ്മോടൊപ്പം ഉണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ദൈവകൃപ നിങ്ങളോടൊപ്പം ആയിരിക്കട്ടെ!

സ്നേഹപൂർവ്വം,
ഈശോയിൽ നിങ്ങളുടെ വത്സലപിതാവ്



**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം 31.05.2015 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും പൊതുജനത്തിനുവേണ്ടി ദിവ്യബലിയർപ്പിക്കപ്പെടുന്ന സന്യാസഭവനങ്ങളിലും വി. കുർബ്ബാനമദ്ധ്യേ വായിക്കണം. +PA

# PASTORAL LETTER

No.56/2015,PL-2
09.04.2015

**Paul Alappatt**

## Faith Formation

**By the grace of God and the blessing of the leadership of the Church the Bishop of Ramanathapuram**

The beloved in Jesus Christ,

On 07th June 2015, again we are entering into a new Faith Formation (Catechetical) Year. It is the most essential mission of the Church to equip one for the mission of Evangelization, which he or she undertakes through the Sacrament of Baptism, which is fulfilled through the faith formation classes.

These classes are the sacred realms in which every Christian finds out the meaning and reason of the faith which he or she receives through the Sacrament of Baptism and the Revelation perfected and completed in Christ. It is through the Faith Formation classes that one gets basically the answers to the queries like what did one become a Christian for?, what did one become a Catholic for?, how is, how should be the relationship of a Christian or Catholic to Jesus?, what is to be done for making that relationship solid and enriching? What is the mission of an individual or a family as a link in the Church communion? The teaching of the Church itself sheds light to this very important mission of the Church: “The aim of catechetical instruction is to make people's faith, enlightened by doctrine, a living faith, explicit and active. They should ensure that it is given with zealous care to children, adolescents, young people and even adults… Let them also ensure that this instruction is based on sacred scripture, tradition, liturgy, the teaching authority and life of the church…” (II Vatican, “Bishop”, No. 14).

The efficient faith formation or catechism is the result of the collegial hard work with one mind of the parents and the catechism teachers under the leadership of the bishop and the parish priest. It is the parents who are to be most attentive in the Faith formation of children. They have great responsibility of bringing up children who are gratuitously gifted to them by God most mercifully. It is their example which is imparted to the children before they reach the age of reason. That is why, the children of families with faith and moral life will be transformed to good children very easily. Even after the period of reason, the parents should be duly vigilant as regards the faith formation of their children. Parents should be diligent with regard to whether they attend classes without fail and in making text books available to them. They should have also firm conviction that the expenses incurred to them for the faith formation of their children will never be loss to them who are never resistant in spending money for their secular studies and other expenses. Let the parents have the thought that the good and blessing of having children with love for God and the Church belong first to their own families!

At the same time, the mission of the Faith Formation with the aim of equipping a person to believe in Jesus deeply and understand meaningfully the content of faith is not only the mission of a special category of the Church, but the collective responsibility of the Pope, bishops, priests, the religious and laity of the Church. It is the great mission of those in the leadership of the Church and catechists to enlighten and deepen the faith transmitted to children from their families.

In the light of what is said above, I give below the suggestions with a view to make more efficient and stronger the faith formation of our eparchy. I hope that the persons concerned will take initiative to implement these suggestions as soon as possible, taking into consideration the good and growth of the Church:

a. Maximum effort is to be exerted for making the faith formation of

the parish/mission centre effective and well-organized. Without prejudice to the actual financial state of the parish/mission centre, sufficient amount is to be allotted for this purpose in the annual budget.

b. The priests are to be determined that the catechism teachers of their parishes/ mission centres should be maximum improved with regard to their spirituality, ecclesiastical knowledge, pedagogy etc. Ways and means are to be found out to that effect.

c. The catechism teachers concerned are to be most vigilant in searching for students who may be absent in the classes and in making their parents know about it without delay.

d. All the Syro-Malabar Catholic Managements of the educational institutions within the eparchy are requested to take a policy that the admissions for secular education will not be granted to those students who do not come out with certificate of completion and passing out of 10th and 12th class of catechism.

e. For more efficient functioning of the Faith Formation process, it is requested to have a laison committee in every forane under the leadership of the concerned Forane vicar.

f. In order to visit and evaluate the faith formation units in various parishes/mission centres and submit proposals for improvement, it is desired to have teams of those who are well-experienced and experts in the field. The eparchial Catechetical centre is to bear expenses incurred by such team visits.

g. The superiors concerned may take initiative to send the eparchial priests & the religious priests, brothers and sisters with more missionary orientation and aptitude for special training in this regard.

h. During the annual retreats in parishes, religious houses and institutions, it is recommended to have at least one talk on the importance and need of faith formation.

i. The students who secure full attendance annually are to be recognized publically along with their parents both in the parish and

eparchial levels, and to be endowed with prizes.

j. Similarly, the teachers who secure full attendance annually are also to be recognized publically along with their parents/life partners.

Taking into consideration the importance of the Faith formation (catechetical) mission of the Church, every year, the previous Sunday of the annual catechetical day may be observed as “Faith Formation (Catechetical) Sunday” in the churches and the homily of that Sunday may be based on Faith Formation.

I request the parish priests and the Eparchial Catechetical centre to take adequate steps for implementing these suggestions. Thus I pray that the new academic year be an year of more enthusiasm and re-dedication in all respects. As I remember with gratitude, appreciation and due respect, the hard work done by the eparchial Catechetical centre and catechists with the cooperation of parents in the field of faith formation, I pray that the presence and valuable graces of Jesus, the Divine Teacher be with you always. I also pray that the heavenly intercession of the Blessed Virgin Mary, the Mother of faith and St. Charles Boromeo, the patron of the Faith Formation be with us all. The Grace of the Risen Lord be with you!

Your loving father in Jesus



**Mar Paul Alappatt**

Bishop of the Eparchy of Ramanathapuram

NB. This pastoral letter is to be read out on Sunday, 31st May 2015 during the Holy Mass in all churches/mission centres, and the religious houses in which the Divine Liturgy is celebrated for the public. +PA

# രൂപതാകാര്യാലയം

## A. ഓർമ്മിക്കേണ്ട ദിവസങ്ങൾ

**2015 മെയ്**

1. ആദ്യവെള്ളി, തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പ് (ലോക തൊഴിലാളി ദിനം).
2. വി. അത്തനേഷ്യസ്.
3. മാർ അദ്ദായി, അപ്പസ്തോലന്മാരായ വി. ഫിലിപ്പ്, വി. യാക്കോബ്.
6. വി. ഡൊമിനിക് സാവിയോ.
8. രൂപതാ ജാഗരണപ്രാർത്ഥന (ഉക്കടം).
13. വി. മത്തിയാസ് ശ്ലീഹ (14 വ്യാഴം).
14. കർത്താവിന്റെ സ്വർഗ്ഗാരോഹണം (കടമുള്ള ദിവസം).
24. പെന്തക്കോസ്താ തിരുനാൾ.
29. സുവർണ്ണ വെള്ളി (Golden Friday)
30. വി. ജസ്റ്റിൻ.
31. പ. ത്രിത്വത്തിന്റെ തിരുനാൾ, പ. കന്യകാമറിയത്തിന്റെ സന്ദർശനം.

## B. ബ. വൈദികരുടെ മാസധ്യാനവും സമ്മേളനവും

രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ അടുത്ത മാസ ധ്യാനം 05.05.2015 ചൊവ്വാഴ്ച കാലത്ത് 11 മണിമുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ രാമനാഥപുരത്ത് വച്ചായിരിക്കും. എല്ലാ വൈദികരും അതിൽ ആദ്യന്തം പങ്കുചേരണം.

## C. മൈനർ സെമിനാരി പ്രവേശനം

നമ്മുടെ മൈനർ സെമിനാരിയിലേക്ക് പറ്റിയ കുട്ടികളെ കണ്ടെത്താനും പ്രവേശിപ്പിക്കാനും ബ. വൈദികരും സന്യസ്തരും മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കണം. നിങ്ങളുടെ ബന്ധങ്ങളും പരിചയങ്ങളും ഇക്കാര്യത്തിനായി വിനിയോഗിക്കാൻ നിങ്ങൾ ശ്രമിക്കുമല്ലോ.

## D. രൂപതാദിനം – അവാർഡ് ലിസ്റ്റ്

13.06.2015 ശനിയാഴ്ചയിലെ രുപതാദിനത്തിൽ കൊടുക്കുവാൻ

ഉദ്ദേശിക്കുന്ന അവാർഡുകൾക്കും മറ്റു സമ്മാനങ്ങൾക്കും അർഹരായ വരുടെ ലിസ്റ്റ് ഇനിയും തരാത്തവർ 15.05.2015 ന് മുമ്പായി സാൻതോം വോയ്സിന്റെ കഴിഞ്ഞ ലക്കത്തിൽ (ഏപ്രിൽ 2015) അറിയിച്ചിരുന്നതു പോലെ ജനറാളച്ചന്റെ അഡ്രസ്സിൽ രൂപതാകാര്യാലയത്തിലേക്ക് അയ ച്ചുകൊടുക്കണം. രൂപതാദിനപരിപാടികൾ ഉച്ചയ്ക്ക് 2 മണിക്കുള്ള പ്രാർത്ഥനാശുശ്രൂഷയോടെ രാമനാഥപുരം കത്തീഡ്രലിൽ ആരംഭിച്ച് ഉച്ചകഴിഞ്ഞ് 5 മണിയോടെ അവസാനിക്കും. പാസ്റ്ററൽ കൗൺസിലംഗ ങ്ങളും രൂപതാ റിസോഴ്സ് ടീമഗംങ്ങളും, ഇടവക /മിഷൻ സെന്റർ, കൈക്കാരന്മാരും. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ, പ്രിൻസിപ്പൽമാരും, വിവിധ സമ്മാനങ്ങൾക്ക് അർഹരായ ജൂബിലേറിയൻസ് ഉൾപ്പെടെ യുള്ള എല്ലാവരും ഈ ആഘോഷത്തിൽ പങ്കുചേരണം.

## E. <u>പുതിയ വിശ്വാസപരിശീലന(മതബോധന) വർഷം</u>

അന്യത്ര ചേർത്തിരിക്കുന്ന ഇടയലേഖനത്തിൽ സൂചിപ്പിച്ചതു പോലെ 07.06.2015 ഞായറാഴ്ച ആരംഭിക്കുന്ന പുതിയ വിശ്വാസപരി ശീലനവർഷം എല്ലാ തരത്തിലും അനുഗ്രഹപ്രദവും ഫലപ്രദവുമാ ക്കാൻ രൂപതാ വിശ്വാസപരിശീലനകേന്ദ്രവും വൈദികരും സന്യ സ്തരും മാതാപിതാക്കളും മതാദ്ധ്യാപകരും ഒറ്റക്കെട്ടായി സഹകരി ക്കുകയും അദ്ധ്വാനിക്കുകയും വേണം.

## F. <u>വൈദിക ക്ഷേമനിധിയിലേക്കുള്ള വിഹിതം</u>

രൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികരുടെ ക്ഷേമനിധിയി ലേക്ക് അടയ്ക്കാനുള്ള 13-ാം മാസത്തെ അലവൻസ് ഇതുവരെ അട യ്ക്കാത്ത (2014-2015 കാലഘട്ടത്തിലെ) പള്ളികളും മിഷൻ കേന്ദ്ര ങ്ങളും സ്ഥാപനങ്ങളും സന്യാസഭവനങ്ങളും 2015 മെയ് 15 ന് മുമ്പ് അത് രൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## G. Permissions & Approvals Granted:

1. Granted approval to the list of the members of the new Prathinidhiyogam (17th March 2015 to 16th March 2018), Edayapalayam (Order No. 49/2015 dated 13-3-2015)
2. Granted permission to construct parish hall in the campus of St. Antony's church, Viswasapuram (Order No. 54/2015 dated 24-3-2015)
3. Granted approval to the annual therattu (2013-'14) of Trinity

Matriculation Higher sec. school, Ramanathapuram (Order No. 55/2015 dated 30-3-2015).

## H. Appointments:

1. Fr. Sajan Chakkalackal, MST- relieved from all the offices in the eparchy (Correspondent, St. Joseph's Matriculation Higher secondary school, Jadayampalayam, Director of Eparchial Pithruvedi, Priest-in charge of St. Mary's Mission, Annur & chaplain, St. Mary's convent, Annur w.e.f. 15-4-2015 (Order No. 52/2015 dated 19-03-2015)
2. Mgr. George Narikuzhi -relieved vicar & chaplain (CSN), Edayapalayam and appointed, without prejudice to other existing offices, correspondent, St. Joseph's Matriculation Higher secondary school, Jadayampalayam, Priest-in charge, St. Mary's Mission, Annur & chaplain, St. Mary's convent, Annur also w.e.f. 15-4-2015 until further orders (Order No. 50/2015 dated 19-3-2015).
3. Fr. Vibin Kollannur, SDV- appointed Priest-in charge, Infant Jesus' church & chaplain-in charge (CSN), Edayapalayam w.e.f. 15-4-2015 until further orders (Order No. 51/2015 dated 19-3-2015).
4. Fr. Joseph (Denny) Mandapathil, VC- appointed Director-in charge, Eparchial Pithruvedi also w.e.f. 15-4-2015 until further orders (Order No. 53/2015 dated 19-3-2015).

**Mgr. George Narikuzhi**
Syncellus

Dear Father/Sisters/Brothers,

Kindly pay the Annual Subscription (Rs. 250/-) of the year 2014-2015 for Santhom Voice (Ramanathapuram Eparchial Bulletin) in the finance office of the Diocese.

---

Dear Subscriber / Reader,

In case you are not receiving the copies or change of address kindly update the current address for uninterrupted supply. Parish Priests may please verify the given address of pastoral council members in your Parish.

Editor- Santhom Voice
Bishop's House, C/o Holy Trinity Cathedral,
Ramanathapuram, Coimbatore - 641 045.

# FINANCE OFFICE

**വാർഷിക ഓഡിറ്റിംഗ്:**

നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളും മിഷൻ കേന്ദ്രങ്ങളും സ്ഥാപനങ്ങളും സി.എ. ഓഡിറ്റിംഗ് നടത്തേണ്ടതാണ്. അതിന് മുൻപായി ഇന്റേണൽ ഓഡിറ്റിംഗ് നടത്തി താഴെ പറയുന്നവ 2015 മെയ് 15 ന് മുൻപായി രൂപതാ ഫിനാൻസ് ഓഫീസിൽ എത്തിക്കണം. 2015 മെയ് മാസം 31-ാം തീയതി ഓഡിറ്റിംഗ് പൂർത്തിയാക്കി പ്രസ്തുത കണക്കുപുസ്തകങ്ങൾ തിരിച്ചുനൽകുന്നതാണ്. ഓഡിറ്റിംഗിന് കൊണ്ടുവരേണ്ട രേഖകൾ; 1) നാൾവഴി, 2) പേരേട്, 3) തെരട്ട് പുസ്തകം, 4) ഡിനോമിനേഷൻ ബുക്ക്, 5) തെരട്ട് ഫോം പൂരിപ്പിച്ചത് (റെസീപ്റ്റ്, പെയ്മെന്റ്, അക്കൗണ്ട്), 6) ഒറിജിനൽ ഫിക്സ്ഡ് ഡെപ്പോസിറ്റ് റെസീപ്റ്റ്, ബാങ്ക് പാസ്ബുക്ക് (ചർച്ച് ഡെവലപ്മെന്റ് ഫണ്ട് ഉൾപ്പെടെ).

**വാർഷിക തെരട്ട്:**

വാർഷിക തെരട്ട് രൂപതാ ഫിനാൻസ് ഓഫീസിൽ സമർപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്നവ ഒരാഴ്ച്ചയ്ക്ക് മുമ്പ് കൊണ്ടുവരേണ്ടതാണ്. 1) നാൾവഴി, 2) പേരേട്, 3) തെരട്ട് പുസ്തകം, 4) തെരട്ട് ഫോം രണ്ടു കോപ്പി, 5) ഇന്റേണൽ ഓഡിറ്റേഴ്സ് റിപ്പോർട്ട് (രണ്ട് കോപ്പി), 6) ഓഡിറ്റ് റിപ്പോർട്ട് (രണ്ട് കോപ്പി), 7) ബഡ്ജറ്റ് (2015-2016) (രണ്ട് കോപ്പി). പള്ളികളിലെ തെരട്ട് സമർപ്പിക്കാൻ വരുമ്പോൾ വികാരിയച്ചനും, കൈക്കാരൻമാരും, സംഘടനകളുടെ/പ്രസ്ഥാനങ്ങളുടെ തെരട്ട് സമർപ്പിക്കാൻ വരുമ്പോൾ ബന്ധപ്പെട്ട ഡയറക്ടറും, രൂപതാ ഭാരവാഹികളും, സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കാൻവരുമ്പോൾ ഡയറക്ടറും, സെക്രട്ടറിയും, ട്രഷററും വരണം.

| | | |
|---|---|---|
| **A.** | **SEMINARY BURSE FUND** | **MAY - 2015** |
| | 1. Mr. John Antony, Kalluveettil , Edayapalayam | |
| | 2. Mr. Raju Cherian & Family , Singanellur | |
| | 3. Mr. C. K. Simon & Family ,Nedumbal , TCR | |
| | 4. Mrs. Mary Thomas ,Pathiparambil House, Dharapuram | |
| **B.** | **SEMINARY GENERAL FUND** | |
| | 1. Mr. E. J. Francis , Eluvathingal House, Pollachi | Rs.10,000/- |
| **C.** | **PASTORAL CENTRE** | |
| | 1. Mr. K. P. Jose & Family, Ramanathapuram | Rs.12,500/- |
| | 2. Mr. Kevin Alphonse , Coimbatore | Rs.10,000/- |
| **D.** | **YESUNIDHI** | |
| | BENEFACTORS | |
| | 1. Dr. George Zacharia & Family, Ramanathapuram | Rs.9,000/- |
| | 2. Mrs. Mary Kurian , Thekkan House, Meloor, TCR | Rs.5,000/- |
| **E.** | **BISHOP'S HOUSE CONSTRUCTION FUND** | |
| | Mathrusangam, Little Flower Church, Saibaba Colony | Rs.10,000/- |

## ANNUAL THERATTU SUBMISSION TO THE EPARCHIAL CURIA 2014-2015

| S.No. | Name & Place | Date | Time |
|---|---|---|---|
| 1. | Holy Trinity Cathedral, Ramanathapuram | 16-06-2015 | 10.00am |
| 2. | Trinity Matric. Hr. Sec. School | 16-06-2015 | 11.00am |
| 3. | St. Joseph's Mission Sitra | 16-06-2015 | 12.00pm |
| 4. | Migrants' Mission Sowripalayam & Karunya Matha Siruvani | 16-06-2015 | 12.30pm |
| 5. | St. Luke's Church Valparai | 16-06-2015 | 02.00pm |
| 6. | St. Sebastian's Church Udumalpett | 16-06-2015 | 03.00pm |
| 7. | St. Paul's Church Pollachi | 16-06-2015 | 04.00pm |
| 8. | St. Elizabeth Church Suleswrampatty | 16-06-2015 | " |
| 9. | Arogiamatha Church Pollachi | 16-06-2015 | " |
| 10. | Eparchial Mathrusangham | 16-06-2015 | " |
| 11. | St. Sebastian's Church Ukkadam | 17-06-2015 | 10.00am |
| 12. | St. Clotilda's Church Poadnur | 17-06-2015 | 11.00am |
| 13. | St. Clotilda's Nursery School, Podanur | 17-06-2015 | " |
| 14. | St. Mark's Church Kuniamuthur | 17-06-2015 | 12.00pm |
| 15. | Punnassery Nestle, Ettimadai | 17-06-2015 | " |
| 16. | Eparchial Family Apostolate | 17-06-2015 | " |
| 17. | St. Thomas church Sulur Aero | 17-06-2015 | 02.00pm |
| 18. | Eparchial Holy Childhood | 17-06-2015 | " |
| 19. | St. Alphonsa Church Palladam | 17-06-2015 | 03.00pm |
| 20. | Eparchial CML | 17-06-2015 | " |
| 21. | St. Antony's Church Kangayam | 17-06-2015 | 04.00pm |
| 22. | St. Jude's Church Dharapuram | 17-06-2015 | 04.30pm |
| 23. | Lourdes Forane Church Gandhipuram | 23-06-2015 | 10.00am |
| 24. | Holy Family Church Ganapathy | 23-06-2015 | 11.00am |
| 25. | Eparchial Charismatic Movement | 23-06-2015 | 11.30am |
| 26. | Infant Jesus Church Edayapalayam | 23-06-2015 | 11.45am |
| 27. | St. Antony's Church Viswasapuram | 23-06-2015 | 12.00pm |
| 28. | St. Joseph's Church Mettupalayam | 23-06-2015 | 02.00pm |

## ANNUAL THERATTU SUBMISSION TO THE EPARCHIAL CURIA 2014-2015

| S.No. | Name & Place | Date | Time |
|---|---|---|---|
| 29. | St. Joseph's Primary School, Mettupalayam | 23-06-2015 | 02.00pm |
| 30. | St. Alphonsa Mission Edayapalayam Pirivu, Metupalayam | 23-06-2015 | " |
| 31. | Good Shepherd Church Karamadai | 23-06-2015 | 03.00pm |
| 32. | Jeevan Jyothi Centre Chinnathottipalayam | 23-06-2015 | 04.00pm |
| 33. | St. Joseph's School, Jadayampalayam | 23-06-2015 | 04.30pm |
| 34. | St. Mary's Mission Annur | 23-06-2015 | " |
| 35. | Little Flower Church Sai Baba Colony | 24-06-2015 | 10.00am |
| 36. | St. Joseph's Church R S Puram | 24-06-2015 | 11.00am |
| 37. | Mother Theresa Mission Vadavally | 24-06-2015 | " |
| 38. | St. Joseph's Church Kavundampalayam | 24-06-2015 | 12.00pm |
| 39. | St. John Paul Mission Perianaickenpalayam | 24-06-2015 | 02.00pm |
| 40. | Lourde Matha Forane Church Erode | 24-06-2015 | 02.30pm |
| 41. | Lourde Matha Play School Erode | 24-06-2015 | " |
| 42. | St. Antony's Church Sasthri Nagar Erode | 24-06-2015 | 03.30pm |
| 43. | Mount Carmel Church Tirupur | 24-06-2015 | 04.00pm |
| 44. | Eparchial CYM | 24-06-2015 | 04.45pm |
| 45. | Eparchial Catechism Department | 30-06-2015 | 10.00am |
| 46. | Eparchial Co-ordination Commitee | 30-06-2015 | 10.30am |
| 47. | Eparchial Bible Apostolate | 30-06-2015 | 11.00am |
| 48. | St. Mary's Minor Seminary Vadakkukadu | 30-06-2015 | 11.30am |
| 49. | Eparchial Vocation Bureau | 30-06-2015 | " |
| 50. | Eparchial Altar Boys Association | 30-06-2015 | 12.30pm |
| 51. | Santhome Creations | 01-07-2015 | 02.00pm |
| 52. | Santhom Charities | 01-07-2015 | " |
| 53. | Santhom Social Service Society | 01-07-2015 | 03.30pm |
| 54. | Deepthi Centre Theramplayam | 01-07-2015 | 04.00pm |
| 55. | St. Antony's mission , Chennimalai | 01-07-2015 | 02.00pm |
| 56. | St. Antony Mission , Karur | 01-07-2015 | 02.45pm |

## MAINTENANCE FUND RECEIVED FROM PARISHES, MISSION CENTRES & RELIGIOUS HOUSES Receipts until 15th April 2015

| S.No. | Name of Parish/Religious Houses | Place | No.of covers returned | Amount |
|---|---|---|---|---|
| 1 | Holy Trinity Cathedral | Ramanathapuram | 197 | 2,02,360/- |
| 2 | St. Mary's church | Kangayam | 10 | 6,050/- |
| 3 | St. Antony 's church | Karur | 9 | 3,550/- |
| 4 | St. Alphonsa church | Palladam | 16 | 12,600/- |
| 5 | St. Sebastian church | Ukkadam | 63 | 26,480/- |
| 6 | St. Luke church | Valparai | 57 | 43,550/- |
| 7 | Jeevan jyothi Centre | Chinnathottipalayam | 30 | 6,950/- |
| 8 | Good Shepherd church | Karamadai | 50 | 22,200/- |
| 9 | St. Joseph's church | Mettupalayam | 38 | 31,050/- |
| 10 | Little Flower church | Saibaba Colony | 102 | 65,450/- |
| 11 | Holy Family Mission | Ganapathy | 128 | 76,601/- |
| 12 | St. Paul church | Pollachi | 90 | 57,395/- |
| 13 | St. Elizabath church | Suleswaranpatty | 47 | 7,410/- |
| 14 | Lourdes Forane church | Gandhipuram | 265 | 1,50,650/- |
| 15 | St. Antony 's church | SastriNagar | 24 | 18,000/- |
| 16 | Lourde Matha Forane church | Erode | 41 | 34,650/- |
| 17 | Mount Carmel church | Tirupur | 108 | 43,550/- |
| 18 | St. Thomas church | Sulur Aero | 28 | 25,780/- |
| 19 | St. Sebastian church | Udumalpet | 18 | 15,050/- |
| 20 | Infant Jesus church | Edayapalayam | 171 | 1,13,350/- |
| 21 | St. Antony 's church | Chennimalai | 12 | 7,650/- |
| 22 | St. Clothilda's church | Podannur | 152 | 1,02,200/- |
| 23 | St. Mark's church | Kuniamuthur | 129 | 1,33,700/- |
| 24 | St. Joseph's church | R.S.Puram | 38 | 19,950/- |
| 25 | St. Antony's church | Viswasapuram | 61 | 36,450/- |
| 26 | Carmelites of MaryImmaculate {CMI} | Coimbatore | 2 | 7,000/- |
| 27 | Sirumalar Illam {CST} | Karur | 1 | 1,000/- |
| 28 | CongregationoftheMotherofCarmel { CMC} | Coimbatore | 5 | 17,550/- |
| 29 | FranciscanClaristCongregation {FCC} | Coimbatore | 15 | 51,362/- |
| 30 | Congrigation of the Holy Family { CHF} | Coimbatore | 4 | 10,000/- |
| 31 | Sisters of the Adoration of the Blessed Sacrament {SABS} | Coimbatore | 2 | 12,000/- |
| 32 | Assisi Sisters of Mary Immaculate {ASMI} | Coimbatore | 2 | 10,500/- |
| 33 | Nazarath Bhavan Convent { CSC} | Coimbatore | 1 | 5,000/- |
| 34 | Samaritan Sisters ,St.Joseph Home {CSS} | Podannur | 1 | 10,000/- |
| 35 | Sisters of Nazareth {CSN} | Edayapalayam | 1 | 2,000/- |
| 36 | D.S.H.J. Convent | Karur | 1 | 5,00/- |
| 37 | Christu Dasi Convent | Kavundampalayam | 1 | 1,000/- |
| 38 | St. Joseph Church | Kavundampalayam | 79 | 41,575/- |
| 39 | St. John Paul Mission Centre | Perianackampalayam | 16 | 8,820/- |
| | **TOTAL** | | **2012** | **14,40,933/-** |

# SPECIAL COLLECTIONS

| S. No. | Name 2014-2015 | Mission Sunday | Family Apostulate | Youth Day | Jesus Youth | Peter's Penny | Media Day | Bible Sunday | S.M. Mission Sunday | S.M.Church Day | Justice Sunday | HolyChild Hood | Santhom Voice | C.M.L. | Social Service | Charismatic | Catechism | GoodFriday 2015 | Maundy Thursday-2015 | Lenten Campaign-2015 | 13th Month |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Chennimalai | 14441 | 50 | 50 | 50 | 50 | 50 | 50 | 50 | 100 | 50 | 50 | 250 | 50 | 50 | 50 | 50 | | 540 | | |
| 2 | Dharapuram | 2500 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 100 | 100 | 100 | | 1790 | | |
| 3 | Edayapalayam | 64000 | 500 | 500 | 200 | 250 | 300 | 250 | 250 | 1500 | 200 | 250 | 250 | 250 | 1000 | 250 | 1000 | | | | |
| 4 | Erode | 100000 | 350 | 250 | 300 | 250 | 250 | 250 | 600 | 1000 | 300 | 300 | 250 | 300 | 400 | 300 | 400 | | | | |
| 5 | Gandhipuram | 70000 | 1000 | 1000 | 1000 | 500 | 500 | 1000 | 8000 | 2000 | 1000 | 1000 | 250 | 1000 | 2000 | 1000 | 5000 | 18788 | 23320 | | 14900 |
| 6 | Kangayam | 26515 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 100 | 100 | 100 | 500 | 1600 | | |
| 7 | Karamadai | 2500 | 250 | 250 | 250 | 250 | 250 | 250 | 500 | 500 | 250 | 250 | 250 | 250 | 250 | 500 | 500 | | | | |
| 8 | Karur | 10000 | 50 | 50 | 50 | 100 | 50 | 100 | 200 | 50 | 50 | 50 | 250 | 50 | 100 | 50 | 100 | | | | |
| 9 | Kavundampalayam | | | | | | | | | | | | | | | | | | | | |
| 10 | Kniamuthur | 25000 | 300 | 500 | 300 | 300 | 300 | 300 | 3870 | 1000 | 300 | 300 | 250 | 300 | 1000 | 300 | 500 | 5635 | 20000 | | |
| 11 | Mettupalayam | 7100 | 100 | 100 | 100 | 100 | 100 | 100 | 100 | 400 | 100 | 100 | 250 | 100 | 200 | 100 | 200 | | | | |
| 12 | Palladam | 5500 | 100 | 100 | 100 | 200 | 100 | 100 | 1000 | 150 | 100 | 100 | 250 | 100 | 100 | 100 | 100 | 500 | 1280 | | |
| 13 | Viswasapuram | 25000 | 500 | 200 | 200 | 100 | 100 | 100 | | 500 | 100 | | 250 | 200 | | | 250 | | | | |
| 14 | Podanur | 21870 | 400 | 750 | 200 | 150 | 400 | 250 | 8318 | 1100 | 400 | 350 | 250 | 400 | 750 | 200 | 600 | | | | |
| 15 | Pollachi | 41990 | 250 | 300 | 200 | 200 | 300 | 250 | 5175 | 650 | 200 | 200 | 250 | 300 | 300 | 300 | 500 | | 7690 | | 7500 |
| 16 | Ganapathy | 40000 | 250 | 200 | 250 | 200 | 250 | 250 | 500 | 1160 | 200 | 200 | 250 | 200 | 500 | 200 | 500 | | 4000 | | |
| 17 | R.S.Puram | 10000 | 500 | 500 | 100 | 200 | 100 | 100 | 1500 | 800 | 100 | 300 | 250 | 100 | 500 | 100 | 1000 | | | | 7500 |
| 18 | Ramanathapuram | 200000 | 2500 | 3500 | 1500 | 500 | 1000 | 1000 | 8000 | 4000 | 500 | 500 | 250 | 2000 | 500 | 1500 | 7500 | | 73230 | | |
| 19 | Saibaba Colony | 53000 | 500 | 300 | 300 | 500 | 5760 | 300 | 6280 | 4300 | 300 | 300 | 250 | 300 | 1000 | 300 | 500 | | | | |
| 20 | Sasthrinagar | 10000 | 100 | 100 | 100 | 100 | 100 | 100 | 150 | 200 | 100 | 100 | 250 | 100 | 100 | 100 | 100 | | | | |
| 21 | Suleswaranpatty | 17280 | 100 | 100 | 100 | 250 | 100 | 200 | 2225 | 400 | 100 | 100 | 250 | 100 | 250 | 100 | 300 | | 4235 | | |
| 22 | Sulur Aero | | | | | | | | | | | | | | | | | | | | |
| 23 | Tirupur | 25000 | 100 | 100 | 100 | 100 | 100 | 100 | 100 | 600 | 100 | 100 | 250 | 50 | 100 | 100 | 100 | 1500 | 10000 | | |
| 24 | Udumalpet | 5000 | 200 | 100 | 100 | 100 | 100 | 150 | 100 | 400 | 100 | 100 | 250 | 100 | 300 | 100 | 300 | | | | |
| 25 | Ukkadam | 30000 | 250 | 300 | 250 | 250 | 300 | 300 | 1000 | 550 | 250 | 250 | 250 | 250 | 250 | 250 | 500 | 1000 | 5000 | | |
| 26 | Valparai | 5000 | 500 | 300 | 200 | 300 | 300 | 300 | 400 | 1000 | 200 | 1500 | 250 | 250 | 300 | 200 | 500 | 2000 | 5000 | | |
| 27 | MinorSeminary | 12000 | | | | | | | | | | | | | | | | | | | |
| 28 | Chinnathottipalayam | 4400 | | | | | | | | | | | | | | | | | | | |
| 29 | Annur | 3000 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 250 | 50 | 50 | 50 | 50 | | | | |
| 30 | Perinaickenpalayam | | | | | | | | | | | | | | | | | | 6147 | | |
| 31 | Sitra St.Joseph Mission | | | | | | | | | | | | | | | | | 1500 | 5965 | | |

# BISHOP'S ENGAGEMENTS

**May - 2015**

02 First Holy Communion, Chittissery
03 Festal Mass & Message, Amalanagar
05 Monthly recollection of priests
08 Summer camp at Chinnathottipalayam
10 First Holy Communion, Valparai
